**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തൊടുപുഴ നഗരസഭയിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഗോവിന്ദൻ.എൻ- നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 905/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 29.04.2019

പരാമർശം : 1. നഗരകാര്യജോയിന്റ് ഡയറക്ടറുടെ 27.03.2019 തിയതിയിലെ ഇ 7-10221/ 2018 നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 27.03.2019 തിയതിയിലെ ഇ 7-10221/ 2018 നമ്പർ കത്ത്.

## **ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 15.02.1989 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഗോവിന്ദൻ.എൻ, ടി തസ്തികയിലെ നിരീക്ഷണകാലയളവ് 15.02.1991ൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും 20.09.1964 ജനനത്തീയതിയുള്ള ടിയാന് 19.09.2014 തീയതിയിൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ ടിയാളുടെ നിരീക്ഷണകാലയളവ് 20.09.2014 തീയതിയിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കത്തക്കതരത്തിൽ പ്രൊബേഷൻ കാലയളവ് 21.09.2014 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നതിന് നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 15.02.1989 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ നിരീക്ഷണകാലയളവ് എൽ.ഡി.ക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക്(15.02.1992 വരെ) പരാമർശം 1 പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതായും നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 15.02.1989 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഗോവിന്ദൻ.എൻ 19.09.2014 തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, 50 വയസ്സ് പൂർത്തിയായിട്ടുള്ള 19.09.2014 പൂർവ്വാഹ്നം (FN) പ്രാബല്യത്തിൽ ടിയാൻ മറ്റ് വിധത്തിൽ യോഗ്യനാണെങ്കിൽ ടിയാന്റെ നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക്

പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധം ടിയാന്റെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്തദിവസമായ 16.02.1992 മുതൽ 20.09.2014 വരെ കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.ഗോവിന്ദൻ.എൻ, എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ, തൊടുപുഴ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തൊടുപുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ